ഫെബ്രുവരി 2016 ₹30

# വനിത വീട്



**ജാളി ഡിസൈൻ ഇന്റീരിയറിലും**

**റൂഫിങ്ങിന് 15 മാർഗങ്ങൾ**

**തലയെടുപ്പോടെ കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്**

**Aquaponics**
**പച്ചക്കറിയും മീനും വീട്ടിൽ ഒന്നിച്ചു വളർത്താം**

# City Homes

10 സെന്റിൽ താഴെയുള്ള സിറ്റി പ്ലോട്ടുകൾക്ക് യോജിച്ച പ്ലാനുകൾ





**സ്റ്റെയർ ഏരിയ**
പെബിൾസ്സും കൃത്രിമ പുൽ
ത്തകിടി ഉൾപ്പെടുത്തിയാണ്
സ്റ്റെയർ ഏരിയ അലങ്കരിച്ചത്.

**അപ്പർലിവിങ്**
അപ്പർലിവിങ്ങിന്റെ ഭിത്തി പൂർണ്ണമായും
അടച്ചു കെട്ടുന്നതിന് പകരം ഗ്ലാസ്സിട്ടിരിക്കുക
യാണ്. ഗോവണിയുടെ കൈവരിയിൽ ഗ്ലാസ്സി
നൊപ്പം തടിയിൽ തീർത്ത ജാളിവർക്കും
ഇടംപിടിച്ചിട്ടുണ്ട്.




മിലി ലിവിങ് കം ഡൈനിങ്ങിന്റെ സീലിങ്ങിൽ സൂര്യബിംബത്തിന്റെ ആകൃതിയിൽ പർഗോള നൽകിയത് ശ്രദ്ധേയമാണ്. ഇവിടുത്തെ പൊതു ഇടങ്ങളിൽ പലയിടത്തും ഇതേ ഡിസൈൻ പാറ്റേൺ ആവർത്തിച്ചിട്ടുണ്ട്. പാൻട്രി ടേബിൾ ഉൾപ്പെടുത്തിയ പ്രധാന അടുക്കളയ്ക്കനുബന്ധമായി


എൽ.ഇ.ഡി
പ്രൊഫൈൽ
ലൈറ്റിങ് ചെയ്ത
മാസ്റ്റർ ബെഡ്റൂം

**കിടപ്പുമുറികൾ**
ഹെഡ് സൈഡ് വാളിൽ വാൾപേപ്പ
റൊട്ടിച്ചും ഫുൾഹൈറ്റ് വാഡ്രോബു
കളും റൈറ്റിങ് ടേബിൾ കം ഡ്രസി
ങ് യൂണിറ്റും ഉൾപ്പെടുത്തിയുമാണ്
കിടപ്പുമുറികളെല്ലാം ഒരുക്കിയത്.






ഗ്രൗണ്ട് ഫ്ളോർ പ്ലാൻ




ഫസ്റ്റ് ഫ്ളോർ പ്ലാൻ

വർക്കിങ് കിച്ചൻ, സ്റ്റോർറൂം എന്നിവയുണ്ട്. ബാൽക്കണി ഉൾപ്പെടുത്തിയാണ് ഇവിടുത്തെ അപ്പർ ലിവിങ് ഒരുക്കിയത്. വ്യത്യസ്ത തീമുകളിലൊരുക്കിയ നാല് ബാത്അറ്റാച്ച്ഡ് ബെഡ്റൂമുകളാണ് ഇവിടെയുള്ളത്. പ്രധാന ഗോവണിക്ക് പുറമേ ട്രസ് വർക്ക് ചെയ്ത വീടിന്റെ മുകൾനിലയിലൊരുക്കിയ യൂട്ടിലിറ്റി സ്പേസിലേക്ക് നയിക്കുന്ന പ്രത്യേക ഗോവണിയും ഇവിടെയുണ്ട്. •

ഫോട്ടോഗ്രഫി: അജീബ് കൊമാച്ചി

## Project Details

**Site Area**
32 cents

**Location**
Edamuttam

**Built Area**
4823 sq. ft.

**Owner**
Sunil Kumar

**Year of Completion**
2018

**Architects**
Ar.Anoop Chandran & Ar.Maneesha Anoop
Amac Architects, Interior Vasthu Consultants,
Tripprayar P. O, Nattika, Trissur -680566
Mob: 9995000222

**Interior Contractor**
Dolphin

**Landscaping Consultant/ Landscaping Contractor**
Green Planet Thrissur
9495118004



**കിച്ചൻ**
പ്ലൈവുഡ് ലാമിനേറ്റ് കോമ്പിനേഷനിലുള്ള വിശാലമായ 'U' ഷേപ്പ് കിച്ചൻ വുഡൻ ഫിനിഷിലാണ്.



പ്ലോട്ടിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തായി കിഴക്കോട്ടു ദർശനമാകുന്ന രീതിയിലാണ് വീട് പണിതിരിക്കുന്നത്. ചെറിയ സ്ഥലമായതിനാൽ ആവശ്യത്തിനു ഫ്രണ്ടേജ് കിട്ടാൻ വീടിനു മുന്നിൽ കാർപോർച്ച് ഒഴിവാക്കി. വീടിന്റെ ഇടതു വശത്തും പിന്നിലും മിനിമം സ്ഥലമേ വിട്ടിട്ടുള്ളൂ.

ക്ലാസിക്കൽ യൂറോപ്യൻ ശൈലിയിലുള്ള എക്സ്റ്റീരിയറുകളോട് ഈ കുടുംബത്തിന് താത്പര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഷിംഗിൾസ് ഉപയോഗിച്ച് റൂഫ് ചെയ്യുന്ന വിധത്തിലുള്ള വീടാണ് ഡിസൈൻ ചെയ്തത്. 3000 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള, നാല് കിടപ്പുമുറികളുള്ള വീടാണിത്. നാലു കിടപ്പുമുറികളും നാലു നിലയിലാണ് എന്നത് ഈ വീടിന്റെ പ്രത്യേകതയായി പറയാം. ഫാമിലി ലിവിങ്ങിനോടു ചേർന്ന സ്റ്റഡി ഏരിയയും തൊട്ടടുത്തുള്ള ഗെസ്റ്റ് ബെഡ്റൂമും അല്പം താഴ്ത്തി നിർമിച്ചതും ഗോവ

**അതിഥികളെ കാത്ത് ലിവിങ് റൂം**

ഫാമിലി ലിവിങ് റൂമിന്റെ വിശാലത വർധിപ്പിക്കാൻ മുറിയുടെ ഉയരം കൂട്ടി. ജനാലകളുടെ വലുപ്പത്തിൽ പിശുക്കു കാണിക്കാത്തതിനാൽ അകത്തളം മുഴുവൻ വെളിച്ചം നിറഞ്ഞതും ഈ സിറ്റി വീടിനെ ആകർഷകമാക്കുന്നു.





**പ്രൈവറ്റ് ഡൈനിങ്**
സ്വകാര്യതയ്ക്ക് വളരെയധികം പ്രാധാന്യം നൽകിയാണ് മുറികളുടെ ക്രമീകരണം. അടുക്കളയും ഡൈനിങ് ഏരിയയും ഫാമിലി ലിവിങ്ങിന്റെ ഇടതുവശത്താണ് ക്രമീകരിച്ചിരിക്കുന്നത്.

**അകത്ത് പ്രകാശധാര**
സിറ്റ്ഔട്ടിൽനിന്ന് ഫാമിലി ലിവിങ്ങിലേക്ക് പ്രവേശിക്കാം. ഡബിൾ ഹൈറ്റിൽ നിർമിച്ച ഫാമിലി ലിവിങ്ങിൽ നിരവധി പ്രകൃതിദത്ത പ്രകാശസ്രോതസ്സുകൾ നൽകി.


**സൗകര്യങ്ങളെല്ലാമുള്ള വീടുവച്ച്, ട്രെൻഡ് മാറുന്നതനുസരിച്ച് അകത്തളം ഒരുക്കുകയാണ് ലക്ഷ്യം.**

ണിയുടെ ആദ്യത്തെ ലാൻഡിങ്ങിൽ ഒരു കിടപ്പുമുറിക്കു സ്ഥാനം നൽകിയതുമാണ് നാലു കിടപ്പുമുറികളും വ്യത്യസ്ത നിലകളിലാകാൻ കാരണം. സ്റ്റഡി ഏരിയയോടു ചേർന്ന് ചെറിയൊരു കോർട്യാർഡും നിർമിച്ചിട്ടുണ്ട്. ആവശ്യാനുസരണം നിരക്കി നീക്കാവുന്ന ഗ്രിൽ സ്ഥാപിച്ചതിനാൽ സുരക്ഷിതത്വവും കുറവില്ല.


## കാറ്റും വെളിച്ചവും ലാവിഷ്

രണ്ട് പെൺമക്കളാണ് ഡോക്ടർ ദമ്പതിമാർക്ക്. കുടുംബാംഗങ്ങളെല്ലാം വീട്ടിലുള്ള സമയത്ത് എല്ലാവരും ഒന്നു വിളിച്ചാൽ കേൾക്കുന്ന അകലത്തിലുണ്ടാകണമെന്ന ആഗ്രഹമുണ്ടായിരുന്നു. എന്നാൽ പഠിക്കുമ്പോൾ കുട്ടികൾക്ക് സ്വകാര്യത ലഭിക്കുകയും വേണം. അതുകൊണ്ടാണ് ലിവിങ് റൂമും ഫാമിലി ലിവിങ്ങും ഡബിൾഹൈറ്റിൽ നിർമിച്ച് മുകളിൽനിന്ന് ഇവിടേക്കു കാണാവുന്ന






താഴത്തെ നിലയുടെ പ്ലാൻ




മുകളിലെ നിലയുടെ പ്ലാൻ

രീതിയിലാക്കിയത്. അടുക്കളയും ഡൈനിങ് റൂമുമടങ്ങുന്ന വിഭാഗം സ്വീകരണമുറികളിൽനിന്ന് തികച്ചും മാറിത്തന്നെ ക്രമീകരിച്ചു.

കാറ്റും വെളിച്ചവും നന്നായി ലഭിക്കുന്ന, വിശാലമായ കിടപ്പുമുറികളും ബാത്റൂമുകളുമായിരിക്കണം എന്ന ആഗ്രഹം വീട്ടുകാർ പങ്കുവച്ചിരുന്നു. മുറികളുടെ വലുപ്പവും വെന്റിലേഷനും അതുകൊണ്ടുതന്നെ പ്രാധാന്യം നൽകി. പ്രധാന കിടപ്പുമുറിയിൽ മാത്രമാണ് ഡ്രസിങ് ഏരിയ നിർമിച്ചത്. ബാത്റൂമുകളെല്ലാം ഡ്രൈ-വെറ്റ് ഏരിയ വേർതിരിച്ച് ലക്ഷ്വറിയാക്കിയതും വീട്ടുകാരുടെ താത്പര്യപ്രകാരമായിരുന്നു

